## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1723

15/02/2016 - ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ കുടുംബശ്രീ കൈപ്പറ്റിയ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഓരോന്നിലും സാമൂഹ്യ നീതി വകുപ്പിൽ നിന്ന് കുടുംബശ്രീ കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) കഴിഞ്ഞ 5 വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിൽ നിന്നും കുടുംബശ്രീ തുകയൊന്നും കൈപ്പറ്റിയിട്ടില്ല. അട്ടപ്പാടി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട് എന്നാൽ തുക നാളിതുവരെ ലഭ്യമായിട്ടില്ല. |
| (സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കുടുംബശ്രീ കൈപ്പറ്റിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (സി) ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾക്കായി (പട്ടികവർഗ്ഗ സുസ്ഥിരവികസന പരിപാടി). കേരള പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 2011 മുതൽ 2014 വരെയും 2015-16 വർഷകാലയളവിൽ എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭാഗമായും കുടുംബശ്രീയ്ക്ക് തുക ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വകുപ്പ് | പ്രവർത്തനം | തുക |
|---|---|---|---|
| | പട്ടികവർഗ്ഗ വികസന വകുപ്പ് (2011-12) | പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി | 1,00,00,000 |
| | പട്ടികവർഗ്ഗ വികസന വകുപ്പ് (2012-13) | പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി | 1,20,00,000 |
| | പട്ടികവർഗ്ഗ വികസന വകുപ്പ് (2013-14) | പട്ടികവർഗ്ഗ സുസ്ഥിര വികസന പരിപാടി | 1,30,16,000 |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ വികസന വകുപ്പ് (2013-14) | പണിയ ശതദിന പരിപാടി & അട്ടപ്പാടി അന്നപ്രദായിനി പദ്ധതി | 4,00,00,000 |
| | 2014-15 & 2015-16 | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. | |
| | 2015-16 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ | 1,00,00,000 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

<u>വിലയിരുത്തൽ റിപ്പോർട്ട്</u>

2007 മുതൽ പട്ടിക വർഗ്ഗ വികസനവകുപ്പുമായി ചേർന്ന് കുടുംബശ്രീ പട്ടിക വർഗ്ഗമേഖലയിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2011-12 വർഷകാലയളവു മുതൽ എല്ലാ ജില്ലകളിലും സുസ്ഥിര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും സമയാസമയങ്ങളിൽ ആയതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് സംസ്ഥാന മിഷനിൽ നിന്നും സർക്കുലറുകൾ മുഖാന്തിരം നൽകുകയും ചെയ്തിട്ടുണ്ട്.

2015-16 വർഷക്കാലയളവിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷനിൽ സമർപ്പിച്ച പദ്ധതി പ്രകാരം പട്ടികവർഗ്ഗമേഖലയിലെ സോഷ്യൽ മൊബലൈസേഷൻ, കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ ഉന്നമനം എന്നീ പ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭ്യമാവുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തുവരുന്നു.

**നിലവിലെ അവസ്ഥ**

- 5268 ട്രൈബൽ അയൽക്കൂട്ടങ്ങളിലായി 99478 കുടുംബങ്ങളെ സംഘടനാ സംവിധാനത്തിൽ കൊണ്ടുവരാൻ സാധിച്ചു.
- 1176 ബാലസഭകളിലായി 15796 കുട്ടികളെ അംഗങ്ങളാക്കി.
- 43556 ആദിവാസികൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തു.
- 435 സൂക്ഷ്മ ഗ്രൂപ്പ് സംരംഭങ്ങൾ രൂപീകരിച്ചു.
- 131 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു.
- 1370 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചു
- 2922 അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ്സ് ഫണ്ട് വിതരണം ചെയ്തു
- 9841 അംഗങ്ങൾക്ക് പൂരകപോഷണം നൽകി.
- 912 അംഗങ്ങൾക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകി
- 65 ആശ്രയ പദ്ധതി രൂപീകരിച്ചു.
- 25 ഊരു അദാലത്തുകൾ സംഘടിപ്പിച്ചു.

പ്രധാനപ്പെട്ട ഈ പ്രവർത്തനങ്ങൾക്കു പുറമെ അനുബന്ധ പ്രവർത്തനങ്ങളായ മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം, ഉപജീവന പ്രവർത്തനങ്ങൾ, നൈപുണ്യ വികസനം, മുതലായവയും നടന്നുവരുന്നു. എല്ലാ പ്രവർത്തനവും 2016 ജനുവരി 14, 15 തീയതികളിലായി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക്

നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ തന്നെ ആനിമേറ്റർമാർ, മൂന്നു പരിശീലന ടീമുകൾ, ഒരു എംഇസി ടീം എന്നിവരുടെ നേതൃത്വത്തിൽ പരിപാടികൾ നടന്നുവരുന്നു.

2014-15 വർഷം മുതൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിക്കാത്തതു കാരണം കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ നിന്നും കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ബാലൻസ് തുകയിൽ നിന്നും ചെലവു ചെയ്ത് നടപ്പാക്കുന്നതിനായി ജില്ലകൾക്ക് കോളനി ജനസംഖ്യാ അടിസ്ഥാനത്തിൽ പദ്ധതികൾ ടാർജറ്റ് ചെയ്തു നൽകിയിട്ടുണ്ട്.

2014-15 വർഷത്തെപ്പോലെ 2015-16 വർഷത്തെ പദ്ധതിയും അംഗീകരിച്ച് ലഭ്യമാകാത്ത സാഹചര്യത്തിൽ 2015-16 വർഷത്തെ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി നൽകിയിട്ടുണ്ട്. ജനസംഖ്യാടിസ്ഥാനത്തിലും കോളനി അടിസ്ഥാനത്തിലും പ്രത്യേകമായി ജില്ലകൾക്ക് പദ്ധതികൾ ടാർജറ്റ് ചെയ്തിട്ട് നൽകിയിട്ടുണ്ട്.

### പണിയ ശതദിന പരിപാടി

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 100 പട്ടിക വർഗ്ഗ പണിയ കോളനികളിൽ 100 ദിവസം 3 നേരം ഭക്ഷണം കൊടുക്കുന്ന പരിപാടി കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നടത്തി. പദ്ധതി നടത്തിപ്പിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും പ്രത്യേക ഇടപെടൽ വേണ്ട സ്ഥലങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകി പദ്ധതി നിർവ്വഹിക്കുകയും ഫണ്ട് വിനിയോഗത്തിന്റെ റിപ്പോർട്ട് വകുപ്പിന് നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് തുക അട്ടപ്പാടി അന്നപ്രദായനി പദ്ധതിക്കായി വിനിയോഗിക്കാൻ സർക്കാർ ഉത്തരവാകുകയും ആയതിൻ പ്രകാരം ബാക്കി തുക കൈമാറുകയും ചെയ്തു.

### പണിയ പുരോഗതി റിപ്പോർട്ട്

80 ഊരുകൾ
1613 കുടുംബങ്ങൾ
5102 ഗുണഭോക്താക്കൾ
41 പഞ്ചായത്തുകൾ

### .സൂക്ഷ്മതല ആസൂത്രണ പ്രക്രിയ

സൂക്ഷ്മ തല ആസൂത്രണ പ്രക്രിയയുടെ ഭാഗമായി അട്ടപ്പാടി മേഖല ഒഴികെ ജില്ലാ തലത്തിൽ അനിമേറ്റേഴ്സിനെ തെരഞ്ഞെടുക്കുകയും അവർക്ക്

വേണ്ട പരിശീലനങ്ങളും അവലോകന യോഗങ്ങളും നടത്തുകയും ജില്ലകൾക്ക് സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലാ തലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്ക് കൈമാറാനുള്ള നിർദ്ദേശം വിലയിരുത്തലിന്റെ ഭാഗമായി നൽകി. കാസർഗോഡ് മറാഠി വിഭാഗത്തിന്റെ അവസ്ഥാ പഠനം നടത്തി ആവശ്യമുണ്ടെങ്കിൽ മൈക്രോ ലെവൽ പ്ലാനിംഗ് നടത്തി സംസ്ഥാനതല ബുക്ക് പ്രസിദ്ധീകരിക്കാൻ ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

2016 ജനുവരി മാസത്തെ അവലോകന യോഗത്തിന്റെ ഭാഗമായി 100% പട്ടിക വർഗ്ഗ ജനവിഭാഗത്തെ അയൽക്കൂട്ടത്തിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ബാലസഭകൾ ശക്തിപ്പെടുത്തുന്നതിനും സൂക്ഷ്മ സംരംഭങ്ങളും സംഘകൃഷിയും പുതുതായി എസ്.ടി മേഖലയിൽ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**പുരോഗതി റിപ്പോർട്ട്**

- എസ്.ടി വിഭാഗങ്ങൾ ഉള്ള പഞ്ചായത്തുകളുടെ എണ്ണം-331
- എസ്.ടി കോളനികളുടെ എണ്ണം-5292
- എസ്.ടി കുടുംബങ്ങളുടെ എണ്ണം-101569
- എംഎൽപിയിലെ പങ്കാളിത്തം - 89574
- എസ്.ടി അനിമേറ്റേഴ്സിന്റെ എണ്ണം-245